# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1538 06.03.2018 ൽ മറുപടിയ്ക്ക്

**വാഹനങ്ങളുടെ കണക്ക്**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിരത്തിൽ ഓടുന്ന വാഹനങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമാണോ; വർഷംതോറും വാഹനങ്ങളുടെ വർധനവ് എത്രയെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് പരിശോധിച്ച് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 1,13,03,205 വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.<br>78257 വാഹനങ്ങളുടെ വർധനവാണ് 2016 - 2017 കാലയളവിൽ ഉണ്ടായിട്ടുള്ളത്.<br>വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നിലവിൽ വ്യവസ്ഥകളൊന്നുമില്ല. |
| (ബി) | സംസ്ഥാനത്തെ ഓരോ ആർ.ടി ഓഫീസുകളിൽ നിലവിൽ നിരത്തിൽ ഓടുന്ന വാഹനങ്ങളുടെയും നിരത്തിൽ ഓടാത്ത വാഹനങ്ങളുടെയും കണക്ക് പരിശോധിച്ച് കൃത്യമായ ടാക്സും ഇൻഷ്വറൻസും ഒടുക്കാത്തവയെ നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ വാഹന പരിശോധനാവേളയിൽ ടാക്സും ഇൻഷ്വറൻസും ഇല്ലാത്ത വാഹനങ്ങൾ കണ്ടെത്തി അവയുടെ ഉടമസ്ഥർക്ക് ടാക്സ് അടയ്ക്കുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ നിർദ്ദേശിക്കാറുണ്ട്. അതോടൊപ്പം പിഴയും ഈടാക്കാറുണ്ട്. |
| (സി) | റോഡ് സുരക്ഷയുടെ കാര്യത്തിൽ മേട്ടോർവാഹന വകുപ്പ് വ്യക്തമായ പരിപാടികളില്ലാതെയാണ് മുന്നോട്ടുപോകുന്നതെന്നകാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് നിരവധി പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നുണ്ട്. റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി മോട്ടോർ വാഹന വകുപ്പ് പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, |
| (ഡി) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് | | |

| | | | |
|---|---|---|---|
| | നടത്തുന്നത്; വ്യക്തമാക്കാമോ; | | ഡ്രൈവിങ് സ്കൂൾ ഇൻസ് ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും ഉള്ള പരിശീലനം, ട്രാൻസ് പോർട്ട്, നോൺ ട്രാൻസ് പോർട്ട് ഡ്രൈവർമാർക്ക് ഡ്രൈവിങ്ങിലും ട്രാഫിക് അവബോധം വളർത്തുന്നതിനുമുദ്ദേശിച്ചുള്ള പരിശീലനം എന്നിവയും ടിപ്പർ ലോറി, സ് കൂൾ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കുള്ള അവബോധന/പരിശീലന ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾക്ക് കേരളാ റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ച ഫണ്ട് ഉപയോ ഗിച്ചാണ് മേൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നത്. ഇവ കൂടാതെ പ്രത്യേക വാഹന പരിശോധനകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് എൻ ഫോഴ്സ് മെന്റ് പ്രവർത്തന ങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാപരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരി ക്കുന്നതിനും ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ GPS അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ് പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്തു ആട്ടോമേറ്റഡ് ഡ്രൈവിങ്ങ് ലൈസൻസ് സംവിധാനം, വാഹന ക്ഷമതാപരിശോധനാ കേന്ദ്രങ്ങളും, എല്ലാ റിജിയണൽ ട്രാൻസ് പോർട്ട് ഓഫീസ്/ സബ് റിജിയണൽ ട്രാൻസ് പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതു കൂടാതെ ആധുനിക ഇന്റർ സെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽ നിന്നും ശക്തമാക്കിയിട്ടുണ്ട്. ഇവ കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിങ്ങിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികളും കൂടുതൽ കർശനമാക്കിയിട്ടുണ്ട്. |
| (ഇ) | നിലവിൽ വകുപ്പ് നടത്തുന്ന റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ പരാജയപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഇ) | നിലവിൽ പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്ന തിന് വകുപ്പിന് സാധിക്കുന്നുണ്ട്. സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം |

| | | | |
|---|---|---|---|
| | | | വാഹനാപകടങ്ങൾ 2016 വർഷത്തെ 39420 ൽ നിന്നും 38470 ആയി കുറയ്ക്കാനും അപകട മരണങ്ങൾ 4287 ൽ നിന്നും 4131 ആയി കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. |
| (എഫ്) | റോഡുകൾ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നത് പലപ്പോഴും അപകടങ്ങൾക്ക് കാരണമാകുന്ന കാര്യം മോട്ടോർവാഹന വകുപ്പ് പൊതുമരാമത്ത് വകുപ്പിനെ അറിയിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എഫ്) | ഈ വിഷയം മോട്ടോർ വാഹന വകുപ്പിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ അറിയിക്കാറില്ല. |
| (ജി) | അമിത വേഗതയിലും കൃത്യമായ ട്രാഫിക് നിയമങ്ങളും പാലിക്കാതെ പോകുന്ന വാഹനങ്ങളുടെ വിവരം ലഭ്യമാണോ; വ്യക്തമാക്കുമോ; ഇത്തരത്തിൽ ഓരോ ആർ.ടി. ഓഫീസുകളിലും 2015 ജനുവരി മുതൽ പിടിച്ചെടുത്ത് കേസുകൾ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ വിവരം ലഭ്യമാക്കുമോ; റോഡ് സുരക്ഷാ നിയമം പാലിക്കാത്ത സ്വകാര്യ ബസ്സുകൾ, ഓട്ടോറിക്ഷ, ടിപ്പർ എന്നിവയുടെ വിവരം ലഭ്യമാക്കുമോ? | (ജി) | അനുബന്ധമായി ചേർക്കുന്നു |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## അമിത വേഗതയിൽ ട്രാഫിക് നിയമങ്ങൾ പാലിക്കാത്ത വാഹനങ്ങൾക്കെതിരെ ചാർജ്ജ് ചെയ്ത കേസുകളും പിഴയും സംബന്ധിച്ച വിവരം

| | പിഴ അടച്ച കേസുകൾ | പിഴ അടയ്ക്കാത്ത കേസുകൾ |
|---|---|---|
| **2015** | | |
| ചാർജ്ജ് മെമ്മോകളുടെ എണ്ണം | 171068 | 190352 |
| തുക | 7,29,18,800 രൂപ | 8,12,90,600 രൂപ |
| **2016** | | |
| ചാർജ്ജ് മെമ്മോകളുടെ എണ്ണം | 109261 | 222609 |
| തുക | 4,95,10,400 രൂപ | 9,33,40,800 രൂപ |
| **2017** | | |
| ചാർജ്ജ് മെമ്മോകളുടെ എണ്ണം | 112351 | 214679 |
| തുക | 4,56,73,500 രൂപ | 8,78,93,000 രൂപ |

റോഡു സുരക്ഷ നിയമങ്ങൾ പാലിക്കാത്തതിന് കേസുകൾ രജിസ്റ്റർ ചെയ്ത ബസുകൾ, ഓട്ടോറിക്ഷകൾ, ടിപ്പർ എന്നിവയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ

| വർഷം | ഓട്ടോറിക്ഷ | സ്റ്റേജ് കാരിയേജ് | ടിപ്പർ |
|---|---|---|---|
| 2015 | 20017 | 9422 | 33203 |
| 2016 | 21726 | 8601 | 9332 |
| 2017 | 22957 | 9332 | 35709 |
| ആകെ | 64700 | 27355 | 78244 |

സെക്ഷൻ ഓഫീസർ